പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1800 **26-10-2026-ൽ മറുപടിയ്ക്ക്**

പി.എസ്.സി. റാങ്ക് ലിസ്റ്റ് കാലാവധിയും നിയമനങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. കെ. പ്രേമൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയതിലൂടെ അധികമായി എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ നിയമന ശിപാർശ നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ തസ്തികയും വകുപ്പും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(ബി) മേൽപ്രകാരം കാലാവധി നീട്ടിയ ഘട്ടത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ ഏതെല്ലാം രീതിയിലാണ് ഉണ്ടായതെന്നും അവ ഓരോന്നും നിലവിൽ വന്ന തീയതി ഏതാണെന്നും വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയത് ഏതൊക്കെ പുതിയ റാങ്ക് ലിസ്റ്റുകളുടെ പ്രസിദ്ധീകരണത്തെ ബാധിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) റാങ്ക് ലിസ്റ്റുകൾക്ക് നിലവിലുള്ള പരമാവധി കാലാവധിയായ 3 വർഷം എന്നത് വർധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ